**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 46** **09-08-2023 - ൽ മറുപടിയ്ക്ക്**

**വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി,**<br>**ഡോ. കെ. ടി. ജലീൽ,**<br>**ശ്രീ. കെ. പ്രേംകുമാർ,**<br>**ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാരിന്റെ കീഴിലുള്ള കൂടുതൽ പ്രദേശങ്ങളെ വ്യവസായ എസ്റ്റേറ്റുകളായി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിൽ 40 പ്രദേശങ്ങൾ വ്യവസായ എസ്റ്റേറ്റ്/പ്ലോട്ടുകളായും പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ കീഴിൽ 17 പ്രദേശങ്ങൾ മേജർ വ്യവസായ എസ്റ്റേറ്റുകളായും 36 പ്രദേശങ്ങൾ മിനി വ്യവസായ എസ്റ്റേറ്റുകളായും പ്രഖ്യാപിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൻ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾക്ക് വേണ്ടി ഏകജാലക ക്ലിയറൻസ് ബോർഡും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പുതുതായി പ്രഖ്യാപിച്ചിട്ടുള്ള വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും സംരംഭകരെ ആകർഷിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (ബി) | വ്യവസായ എസ്റ്റേറ്റുകളിലേക്ക് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ജലം, റോഡ് ഗതാഗതം, വൈദ്യുതി, ചുറ്റുമതിൽ, ഗേറ്റ്, മാലിന്യ സംസ്കരണ പ്ലാന്റുകൾ, പവർ ഫീഡർ എന്നിവ സജ്ജമാക്കുന്നുണ്ട്. ഓരോ വർഷവും ഇതിലേക്കായി ബഡ്ജറ്റ് വിഹിതം ഉൾപ്പെടുത്തുകയും ചെയ്യുന്നു. |
| (സി) | ഭക്ഷ്യ സംസ്കരണ രംഗത്ത് പുരോഗതി കൈവരിക്കുന്നതിനായി ഭക്ഷ്യ സംസ്കരണ പാർക്കുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഉണ്ട്.<br><br>കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ മെഗാഫുഡ് പാർക്ക് പദ്ധതിയിലുൾപ്പെടുത്തി 50 കോടി രൂപയുടെ ധനസഹായത്തോടെ പാലക്കാട് 79.42 ഏക്കർ സ്ഥലത്ത് വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയുടെ നേതൃത്വത്തിൽ ഒരു മെഗാഫുഡ് പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ 42 സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തു കഴിഞ്ഞു. പ്രസ്തുത പദ്ധതിയിലൂടെ ഏകദേശം 241 കോടി രൂപയുടെ നിക്ഷേപവും 1200 തൊഴിലവസരങ്ങളും സൃഷ്ടിക്കാനാവുമെന്ന് കരുതുന്നു. പ്രസ്തുത പാർക്കിൽ വെയർഹൗസ്, കോൾഡ് |

| | | | |
|---|---|---|---|
| | | | സ്റ്റോറേജ്, പാക്ക് ഹൗസ്, റൈപ്പനിങ് ചേമ്പർ, സുഗന്ധ വ്യഞ്ജന സംസ്കരണം, അഡ്മിൻ ബിൽഡിങ് തുടങ്ങിയ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ഈ പാർക്കിന്റെ രണ്ടാംഘട്ടമായി പാലക്കാട്, ഏലപ്പുള്ളി വില്ലേജിൽ 18.09 ഏക്കർ ഭൂമി കൂടി ഭക്ഷ്യ സംസ്കരണ വ്യവസായത്തിനായി വികസിപ്പിക്കുവാൻ കിൻഫ്ര ഉദ്ദേശിക്കുന്നു. കൂടാതെ 10 മിനി ഫുഡ് പാർക്കുകൾ കൂടി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്.<br><br>ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് പ്രാരംഭ ചർച്ചകൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ